**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2889** — 13.03.2018 ൽ മറുപടിയ്ക്ക്

## നാളികേരത്തിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. ദാസൻ**<br>**ശ്രീ. കെ. ആൻസലൻ**<br>**ശ്രീ. പി.വി. അൻവർ**<br>**ശ്രീ. ജോൺ ഫെർണാണ്ടസ്** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |

| | |
|---|---|
| എ) സംസ്ഥാനത്ത് നാളികേര കൃഷിയുടെ വികസനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) സംസ്ഥാനത്ത് നാളികേര കൃഷിയുടെ വികസനത്തിനായി നടപ്പിലാക്കുന്ന നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>**1.കേരഗ്രാമം പദ്ധതി**<br>തെങ്ങു കൃഷിയുടെ സമഗ്ര വികസനത്തിനായി തുടർച്ചയായുള്ള 250 ഹെക്ടർ വിസ്തൃതിയിൽ വരുന്ന തെങ്ങിൻ തോട്ടങ്ങളെ കേരഗ്രാമങ്ങളായി കണക്കാക്കി സംയോജിത നാളികേര വികസനത്തിൻ കീഴിൽ തെങ്ങിൻ തോട്ടങ്ങളുടെ ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ, ജലസംരക്ഷണത്തിനായി തൊണ്ടിട്ടുമൂടൽ, മണ്ണ് പരിപോഷണവസ്തുക്കളുടെ പ്രയോഗം. സംയോജിത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, പ്രായം ചെന്നതും രോഗബാധിതവും ഉല്പാദനക്ഷമത നശിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി ഗുണമേന്മയുള്ള തൈകളുടെ നടീൽ, ഇടവിളകൃഷി എന്നീ ഘടകങ്ങൾ നടപ്പിലാക്കുന്നു.<br>**2. അത്യുൽപ്പാദനശേഷിയുള്ള കുറിയ/ സങ്കരയിനം തെങ്ങിനങ്ങളുടെ മാതൃകാ പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കൽ**<br>തെങ്ങിന്റെ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി കർഷകരുടെ പുരയിടങ്ങളിലും കൃഷി വകുപ്പ് ഫാമുകളിലും കുറിയ/ സങ്കരയിനം തെങ്ങിൻ തൈകളുടെ മാതൃകാ പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു. |

**3. ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിന്റെ സംയോജിത കീടനിയന്ത്രണം**

തെങ്ങിനെ ബാധിക്കുന്ന പ്രധാന കീടങ്ങൾക്കും രോഗങ്ങൾക്കുമെതിരെ ഫലപ്രദമായി ക്യാമ്പയിൻ അടിസ്ഥാനത്തിൽ സംയോജിത കീടരോഗനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നു.

**4. നാളികേര വികസനത്തിനായി സി.പി.സി.ആർ.ഐ യുമായി സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതി**

അത്യുൽപാദനശേഷിയുള്ള കുറിയ/ സങ്കരയിനം തെങ്ങിൻതൈകളുടെ ഉൽപാദനവും പ്രാദേശിക ലഭ്യതയും വർദ്ധിപ്പിക്കുന്നതിനായി സി.പി.സി.ആർ.ഐ യുടെ നേതൃത്വത്തിൽ കർഷകരുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ ഈ പദ്ധതി നടപ്പിലാക്കുന്നു.

**5. കേരസമൃദ്ധി**

ഗുണമേന്മയുള്ള തെങ്ങിൻ തൈ ഉത്പാദനവും വിതരണവും ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നു. സങ്കരയിനവും കുറിയതുമായ ഇനത്തിൽ വിത്ത് തേങ്ങ കർഷകരിൽ നിന്നും സംഭരിച്ച് കൃഷി വകുപ്പ് ഫാമുകളിൽ തൈ ആക്കി ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ മിതമായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നു. കൂടാതെ സി.പി.സി.ആർ.ഐ യുമായി ചേർന്ന് മികച്ചയിനം തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ചും വിതരണം ചെയ്യുന്നു.

**6. നാളികേര വികസന ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രദർശന വിത്തുൽപ്പാദന തോട്ടങ്ങൾ സ്ഥാപിച്ച് മികച്ച സങ്കരയിനം, കുറിയ നെടിയ ഇനം തെങ്ങിൻതൈകളുടെ ഉല്പാദനം നടത്തി ആവശ്യക്കാർക്ക് വിതരണം ചെയ്യുന്നു.

തെങ്ങ് പുനരുദ്ധാരണ പദ്ധതിയും പുനർ നടീലും

കാറ്റുവീഴ്ച രോഗത്തെ ചെറുക്കുന്നതിനായി.

രോഗം ബാധിച്ചതും പ്രായാധിക്യമുള്ളതുമായ തെങ്ങുകൾ മുറിച്ചുമാറ്റി പകരം അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻ തൈകൾ വെച്ചുപിടിപ്പിച്ച് മെച്ചപ്പെട്ട ഉല്പാദന ക്ഷമത കൈവരിക്കുന്നതിനുള്ള പദ്ധതിയാണ്. കൂടാതെ ശാസ്ത്രീയ പരിചരണ മുറകൾ അനുവർത്തിക്കുന്നതിനും ജൈവവള യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

പ്രകൃതിക്ഷോഭവും രോഗ കീടങ്ങൾ മൂലമുള്ള നഷ്ടത്തിന് പരിഹാരത്തിനായി നാളികേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു.

നീര ടെക്നീഷ്യൻമാർക്കുള്ള പരിശീലന പരിപാടിയും നാളീകേര വികസന ബോർഡ് നടപ്പിലാക്കുന്നു.

| | |
|---|---|
| ബി) നാളികേരത്തിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ബി) നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും ഉയർന്ന വില ഉറപ്പാക്കുന്നതിനും മലപ്പുറം ജില്ലയിൽ കൃഷി വകുപ്പിന് കീഴിലുള്ള മുണ്ടേരി അഗ്രിക്കൾച്ചറൽ ഫാമിലും കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിലും ഓരോ അഗ്രോ പാർക്കുകൾ സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br>കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികൾക്ക് സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മുഖേന മൂല്യ വർദ്ധിത ഉല്പന്ന സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകി വരുന്നു.നീര ഉല്പാദനം വർദ്ധിപ്പിക്കുന്നതിലേക്കായി നീര ടെക്നീഷ്യൻ പരിശീലനം നൽകുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് കോക്കനട്ട് ഡവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു.<br>സംസ്ഥാനത്ത് കാർഷികോല്പന്നങ്ങളുടെ മൂല്യ വർദ്ധനവിനും കർഷക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന കൃഷി വകുപ്പ് 2016 മുതൽ വൈഗ എന്ന ദേശീയതല സംരംഭകരുടെ പരിപാടികളും സംഘടിപ്പിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ